(ബി) 273.

(സി) പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളിൽ സാദ്ധ്യതയുള്ളവയുടെ പ്രവർത്തനം ശാസ്ത്രീയമായി പുനരുദ്ധരിക്കുന്നതിനും കാര്യക്ഷമമായും പ്രവർത്തിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംഘം ഭാരവാഹികൾക്ക് ആവശ്യമായ സഹകരണ പരിശീലനം നൽകി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

നീരൊഴുക്ക് തടയുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം

28 (*203) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിശാസ്ത്രപരമായി താഴ്ന്ന പ്രദേശങ്ങളിലെ തോടുകളും വയലുകളും മണ്ണിട്ടു നികത്തി റോഡ് നിർമ്മിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇതുമൂലമുണ്ടാകുന്ന മലിനജലം പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വാഭാവിക നീരൊഴുക്ക് തടയുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) പുതിയ നടപടികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യത്തൊഴിൽ മേഖലയിലെ ഇൻഷ്വറൻസ് പദ്ധതി

27 (*204) പ്രൊഫ. കെ. വി തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാകാലങ്ങളായി പ്രകൃതി ക്ഷോഭംമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ഇൻഷ്വറൻസ് സ്കീമുകളുൾപ്പെടെ എന്തെല്ലാം സ്കീമുകളാണ് പരിഗണനയിലുള്ളത്;

(ബി) ഇതിൽ ഏതെല്ലാം കേന്ദ്ര ഗവൺമെന്റ് സ്കീമുകളുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly